ഉത്തരം

(എ) 175

(ബി) 64

(സി, ഡി) 3 ശിക്ഷിച്ചു. 13 വെറുതെ വിട്ടു. 48 ഇപ്പോഴും വിചാരണയിലിരിക്കുന്നു.

മനഃശാസ്ത്രം പഠിപ്പിക്കുന്നതിന് നിയമിക്കപ്പെട്ടവർ

1390 [2249] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ട്രെയിനിംഗ് കോളേജിൽ സബ് ഇൻസ്പെക്ടർമാരെ മനഃശാസ്ത്രം പഠിപ്പിക്കുന്നതിന് ആരെയെങ്കിലും നിയമിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിയമനം നടത്തിയത് എന്നായിരുന്നു എന്നും നിയമനം എത്ര നാളത്തേയ്ക്കായിരുന്നു എന്നും, ഇതിനോടകം ഈ നിയമനത്തിന്റെ കാലാവധി എത്ര പ്രാവശ്യം നീട്ടിക്കൊടുക്കുകയുണ്ടായി എന്നും വ്യക്തമാക്കുമോ;

(സി) പോലീസ് സബ് ഇൻസ്പെക്ടർമാരെ മനഃശാസ്ത്രം പഠിപ്പിക്കാൻ നിയോഗിച്ചിരിക്കുന്ന ഈ ഉദ്യോഗസ്ഥനു മനഃശാസ്ത്ര പഠനം സംബന്ധിച്ച പ്രത്യേക യോഗ്യതകളും എന്തെല്ലാമാണ് ഉള്ളതെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ നിയമനം കോൺട്രാക്ട് അടിസ്ഥാനത്തിൽ 18-10-1976 മുതൽ 14-7-1977-വരെ ആയിരുന്നു. ഈ നിയമനത്തിന്റെ കാലാവധി അവസാനിച്ചശേഷം നാലുപ്രാവശ്യം നീട്ടിക്കൊടുക്കുകയുണ്ടായി.

(സി) ഇപ്പോൾ നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥനു ഇതിന്റെ അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകളാണുള്ളത്*.

ദിവസ ശമ്പളത്തിൽ നിയമിക്കുന്ന വനിതാ വാർഡർമാരുടെ സർവ്വീസ് സ്ഥിരമാക്കാൻ നടപടി

1391 [2250] ശ്രീ. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ ഡിപ്പാർട്ടുമെന്റിൽ, സബ് ജയിലുകളിൽ ദിവസ ശമ്പള അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വനിതാ വാർഡർമാരെ അവരുടെ ദീർഘകാലത്തെ സർവ്വീസ് പരിഗണിച്ച് സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ:

(ബി) ദീർഘകാല സർവ്വീസുള്ള വനിതാ വാർഡർമാരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

*അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത്തരത്തിലുള്ള നിവേദനങ്ങൾ വനിതാ വാർഡർമാരിൽ നിന്ന് പലപ്പോഴായി ലഭിച്ചിട്ടുണ്ട്.

(ബി) സബ് ജയിലുകളിൽ സ്ത്രീ തടവുകാരെ പാർപ്പിക്കേണ്ട സന്ദർഭങ്ങളിലാണ് ഈ വനിതാ വാർഡർമാരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കേണ്ടിവരുന്നത്. ഇത്തരം സന്ദർഭങ്ങൾ വളരെ വിരളമായേ ഉണ്ടാകാറുള്ളൂ. ദീർഘകാല സർവ്വീസ് ലഭിച്ച ഇത്തരം വാർഡർമാർ ഇടവിട്ട് മാത്രം നിയമിക്കപ്പെട്ടവരാണ്. ഇവർക്ക് തുടർച്ചയായ ദീർഘകാല സർവ്വീസ് ഇല്ലാത്തതിനാൽ സ്ഥിരമായ ജോലിക്കോ വേതനത്തിനോ ഇവർ അർഹരല്ല. അതുകൊണ്ട് അവരെ സ്ഥിരപ്പെടുത്തേണ്ടുന്ന പ്രശ്നവും ഉദിക്കുന്നില്ല.

കായിലാണ്ടി പോലീസ് കോർട്ടേഴ്സിന്റെ അകോമഡേഷൻ നടപടി

1392 [2251] ശ്രീ. ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിലാണ്ടി പോലീസ് കോർട്ടേഴ്സിന്റെ അകോമഡേഷൻ നടപടി എത്രത്തോളമായി;

(ബി) മേൽപ്പടി കോർട്ടേഴ്സിനു സ്ഥലം അക്വയർ ചെയ്യുന്നതിനു തുടർച്ചയായി ബഡ്ജറിൽ വകയിരുത്താൻ തുടങ്ങിയിട്ട് എത്ര കൊല്ലമായി;

(സി) അകോമഡേഷൻ നടപടി എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കായിലാണ്ടി പോലീസ് കോർട്ടേഴ്സിനുവേണ്ടിയുള്ള അകോമഡേഷൻ നടപടി പൂർത്തിയായിട്ടില്ല. ഒരു പെറ്റിഷന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പു നടപടികൾ നിർത്തിവച്ചിരിക്കയാണ്.

(ബി) ഏഴുവർഷം.

(സി) സ്റ്റേ ഉത്തരവിൻമേൽ തീരുമാനം ഉണ്ടായിട്ടേ അകോമഡേഷൻ നടപടി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ.

ഫയർഫോഴ്സ് ഡയറക്ടറെക്കുറിച്ച് പരാതികൾ

1393 [2252] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സ് ഡയറക്ടറെക്കുറിച്ച് ഗവൺമെന്റിനു പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly